# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1859

04.05.2017 ൽ മറുപടിക്ക്

### വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.സി. ജോർജ് | | ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | കേരളത്തിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന്, നിലവിലുള്ള പല ഉത്തരവുകളും കർക്കശമായതിനാലും ഉദ്യോഗസ്ഥരുടെ അനാസ്ഥ മൂലവും പല സംരംഭകർക്കും ബുദ്ധിമുട്ടുകൾ നേരിടുന്നതിനാൽ നിലവിലെ പല കർക്കശ ഉത്തരവുകളും ലഘൂകരിച്ച് ജനങ്ങളെ വിവിധ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിലേക്ക് ആകർഷിയ്ക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിയ്ക്കുമോ; | (എ) & (ബി) | നിലവിൽ കേരളത്തിലെ വ്യവസായ അന്തരീക്ഷം സൗഹൃദപരമാക്കുന്നതിനായി ബന്ധപ്പെട്ട ചട്ടങ്ങളിലും നിയമങ്ങളിലും നടപടി ക്രമങ്ങളിലും ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുവാനുള്ള തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. കൂടുതൽ നിക്ഷേപം കേരളത്തിലേക്ക് ആകർഷിയ്ക്കുന്നതും അതുവഴി തൊഴിലവസരവും നികുതിവർദ്ധനവും സൃഷ്ടിക്കുക എന്നതുമാണ് ഇതിന്റെ ലക്ഷ്യം . വിവര സാങ്കേതിക വിദ്യ പ്രയോജന പ്പെടുത്തിക്കൊണ്ട് നിലവിലെ നിയമങ്ങളും നടപടിക്രമങ്ങളും ലളിതമാക്കുകയാണ് ചെയ്യു ന്നത്. അതുവഴി കാര്യക്ഷമവും ഫലപ്രദവും വേഗമാർന്നതും അനായാസവുമായ ഭരണ നിർവ്വഹണത്തിലൂടെ വ്യവസായസംരംഭകർക്ക് ആവശ്യമായ ലൈസൻസുകളും ക്ലിയറൻ സുകളും സമയബന്ധിതമായി നൽകുക എന്നതാണ് ഉദ്ദേശം.<br>ഇതുസംബന്ധിച്ച് സർക്കാർ പഠനം നടത്തിയിരുന്നു. വ്യാവസായിക മേഖലയിലെ അനുമതികൾ സംബന്ധിച്ച് നിലവിലുള്ള സർക്കാർ നിയമങ്ങൾ/ചട്ടങ്ങൾ/ഉത്തരവുകൾ/ ഏകജാലക നിയമം, അടിസ്ഥാനസൗകര്യ മേഖലയിലെ പുരോഗതി, അനുമതിക്കാ വശ്യമായ പൊതു അപേക്ഷാഫോറം ഇവയെല്ലാം പരിഷ്കരിക്കാൻ ആവശ്യമായ |
| ബി) | പല ഡിപ്പാർട്ടുമെന്റുകളിൽ നിന്നും അനുമതി വാങ്ങി മാത്രമേ ഇപ്പോൾ പുതിയ വ്യവസായങ്ങൾ തുടങ്ങുവാൻ സാധിക്കുകയുള്ളൂ എന്നത് വ്യവസായ സംരംഭകർക്ക് വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതിനാൽ ഇവ ഒഴിവാക്കി ഒരു സ്ഥാപനത്തിൽ നിന്ന് തന്നെ എല്ലാവിധ എൻ.ഒ.സി.കളും ലഭ്യമാകുന്ന സംവിധാനം സൃഷ്ടിക്കുവാൻ നടപടി സ്വീകരിയ്ക്കുമോ? | | |

| | | | |
|---|---|---|---|
| | | | ഭേദഗതികൾ, നവീകരണ ശുപാർശകൾ എന്നിവ സംബന്ധിച്ച റിപ്പോർട്ട് ഉന്നത തലങ്ങളിൽ നിരവധി തവണ ചർച്ചക്ക് വിധേയമാക്കിയാണ് സർക്കാർ അംഗീകരിച്ചത്. അപ്രകാരം അംഗീകരിച്ച അന്തിമറിപ്പോർട്ട് പൊതുജനങ്ങളുടേയും ഉപഭോക്താക്കളുടേയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്തുന്നതിനായി ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br>വ്യവസായ സംരംഭകർക്കുള്ള സൗകര്യങ്ങളും അനുമതികളും സമയബന്ധിതമായി നൽകുന്നതിനായി വിവിധ വകുപ്പുകളിലേയും ഏജൻസികളിലേയും നിയമങ്ങൾ / ചട്ടങ്ങൾ / ഉത്തരവുകൾ എന്നിവയിൽ നിയമാനുസൃതമായി ഭേദഗതി വരുത്തേണ്ടതുണ്ട്. അതിനായി നിലവിലുള്ള ഏകജാലക ക്ലിയറൻസ് സംവിധാനം 'ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ' (ഐ പി എഫ് സി) വഴി ശക്തിപ്പെടുത്താൻ തീരുമാനമായിട്ടുണ്ട്. ആയതിന് ബന്ധപ്പെട്ട വകുപ്പ് /ഏജൻസി കളുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു സ്ഥിരം സെൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ (കെ എസ് ഐ ഡി സി) പ്രവർത്തിക്കും. ഈ സംവിധാനം ജില്ലാതലത്തിൽ പ്രായോഗികമാക്കുന്നതിനായി, ജില്ലാ കളക്ടർ തലവനായി ബന്ധപ്പെട്ട വകുപ്പുകളിലെ പ്രതിനിധി ഉദ്യോഗസ്ഥൻമാർ ഉൾപ്പെടുന്ന ഒരു ജില്ലാതല സമിതി രൂപീകരിക്കും.<br>ബന്ധപ്പെട്ട വകുപ്പുകളിലേയും ഏജൻസികളിലെയും അപേക്ഷാഫോറങ്ങൾ ഏകീകരിച്ച് ഒരു പൊതു ഏകീകൃത ഓൺലൈൻ അപേക്ഷാ ഫോറം കൊണ്ടുവരുന്നതിനുള്ള നടപടികൾ വേഗത്തിൽ പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ.**